നിനക്കും നിന്റെ മക്കൾക്കും ആവശ്യമായത് (നാട്ടു
നടപ്പനുസരിച്ചു) നല്ലനിലക്ക് അയാളുടെ സമ്പത്തിൽ
നിന്നും നീ എടുത്തുകൊള്ളുക.
ആഇശ (رضي الله عنها) പറയുന്നു: അബൂ സുഫ്യാന്റെ ഭാര്യയായ ഹിന്ദ് ബിൻത് ഉത്ബ ُ
അല്ലാഹുവിന്റെ റസൂൽ (صلى الله عليه وسلم) യുടെ അരികിലേക്ക് വന്നുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ
റസൂലേ, അബൂ സുഫ്യാൻ ഒരു പിശുക്കനായ മനുഷ്യനാണ്. എനിക്കും എന്റെ മക്കൾക്കും
ആവശ്യമായത് അദ്ദേഹം ചെലവിന് നൽകാറില്ല. അദ്ദേഹത്തിന്റെ സമ്പത്തിൽ നിന്ന്
അദ്ദേഹമറിയാതെ ഞാൻ എടുത്തെങ്കിലൊഴികെ. അതിന് എനിക്ക് കുറ്റമുണ്ടാകുമോ? അപ്പോൾ
അല്ലാഹുവിന്റെ റസൂൽ (صلى الله عليه وسلم) പറഞ്ഞു: " നിനക്കും നിന്റെ മക്കൾക്കും ആവശ്യമായത് (നാട്ടു
നടപ്പനുസരിച്ചു) നല്ലനിലക്ക് അയാളുടെ സമ്പത്തിൽ നിന്നും നീ എടുത്തുകൊള്ളുക."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2965